വയും ഉടൻ പ്രവർത്തനം ആരംഭിക്കും. ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള വ്യവസായ പാർക്കുകളിൽ മിക്കവയിലും വ്യവസായികൾക്ക് ഭൂമി അലോട്ട് ചെയ്തു തുടങ്ങിയിട്ടുണ്ട്.

വ്യവസായ ഡയറക്ടറുടെ കീഴിൽ 14 വ്യവസായ വികസന ഏരിയാകൾ, 18 വ്യവസായ വികസന പ്ലോട്ടുകൾ, ഓമോ കെമിക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവയും സംസ്ഥാനമൊട്ടാകെ 77 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും പ്രവർത്തിക്കുന്നുണ്ട്.

(ഇ) മേൽപറഞ്ഞ പദ്ധതികൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് കൂടുതൽ ഫണ്ട്, സ്ഥലസൗകര്യം ഇവ ലഭ്യമാകേണ്ടതുണ്ട്. ഇതിനായി ശ്രമിച്ചുവരുന്നു.

(എഫ്) പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

15 (*435) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളും വസ്തുവകകളും

ശ്രീ. ഡൊമനിക്ക് പ്രസന്റേഷൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ഉടമസ്ഥത ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(ബി) ഇപ്രകാരം കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും വസ്തുവകകളും നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ഇവയുടെ അറ്റകുറ്റപ്പണികളും പുതുക്കലും മറ്റും നടത്തേണ്ടത് ആരാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളുടെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥത സർക്കാരിൽ തന്നെയാണ് നിക്ഷിപ്തമായിട്ടുള്ളത്. അവയുടെ നടത്തിപ്പ് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) സർക്കാർ കൈമാറിയ വസ്തുവകകൾ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ കടപ്പെടുത്താനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല എന്ന് പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ കർശനമായ നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും പുതുക്കലും മറ്റും ഫണ്ടിന്റെ ലഭ്യതക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്.

16 (*436) ജനകീയാസൂത്രണ പദ്ധതി അനുസരിച്ചുള്ള വിദഗ്ദ്ധ സമിതികൾ

ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽനിന്ന് വിദഗ്ദ്ധ സമിതികളെ ഒഴിവാക്കണമെന്ന് ഏതെങ്കിലും രാഷ്ട്രീയ കക്ഷികളോ സമിതികളോ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത പ്രക്രിയയിൽ വിദഗ്ധ സമിതികൾ ഒരാവശ്യഘടകമല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജനകീയാസൂത്രണ പ്രക്രിയയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഏതു വർഷം വരെ പൂർത്തിയായെന്നും പ്രസ്തുത റിപ്പോർട്ട് എന്ന് നിയമസഭയിൽ ലഭ്യമാക്കുമെന്നും വെളിപ്പെടുത്തുമോ;

(ഇ) ജനകീയാസൂത്രണ ഫണ്ട് വിനിയോഗം അക്കൗണ്ടന്റ് ജനറലിനെകൊണ്ട് അന്വേഷിപ്പിക്കണമെന്ന ഹൈക്കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ കോടതി ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാൻ ഉണ്ടായ കാരണവും ഇത് സംബന്ധിച്ച തുടർ നടപടികളുടെ പുരോഗതിയും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഇല്ല.

(ബി) വിദഗ്ദ്ധ സമിതികൾ ഇപ്പോഴത്തെ സാഹചര്യത്തിൽ ജനകീയാസൂത്രണത്തിന് അനിവാര്യഘടകമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥൻമാരെ പുനർവിന്യാസം ചെയ്യുന്ന പ്രക്രിയ പൂർത്തിയാകുന്നതുവരെ വിദഗ്ദ്ധ സമിതികൾ പ്രവർത്തിക്കേണ്ടതുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പരിശോധിച്ച് അത്യാവശ്യം വേണ്ടുന്ന സാമ്പത്തിക വിശകലനം, സ്കെച്ച്, പ്ലാൻ എന്നിവ തയ്യാറാക്കി പ്രോജക്ടുകൾക്ക് സാങ്കേതിക അനുവാദം നൽകുവാൻ വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം തല്ക്കാലം ആവശ്യമാണ്.

(ഡി) വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനോടൊപ്പമാണ് ജനകീയാസൂത്രണ പ്രക്രിയയുടെ ഓഡിറ്റും നടത്തിവരുന്നുണ്ട്. 1997-98 ലെയും, 98-99 ലെയും ഓഡിറ്റ് പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly